സൂറഃ-7

# അൽ അഅ്റാഫ്

قَالَ ٱلْمَلَأُ مِن قَوْمِ فِرْعَوْنَ إِنَّ هَٰذَا لَسَٰحِرٌ عَلِيمٌ ﴿١٠٩﴾

**109.** ഫറവോന്റെ ജനത്തിലെ പ്രമാണിമാർ പറഞ്ഞു: ഇവനൊരു പഠിച്ച മാന്ത്രികൻ തന്നെ.

يُرِيدُ أَن يُخْرِجَكُم مِّنْ أَرْضِكُمْ ۖ فَمَاذَا تَأْمُرُونَ ﴿١١٠﴾

**110.** നിങ്ങളെ നാട്ടിൽനിന്ന് പുറത്താക്കാനാണ അവൻ വിചാരിക്കുന്നത്. കേൾക്കട്ടെ, നിങ്ങളെന്തുപറയുന്നു?

قَالُوٓا۟ أَرْجِهْ وَأَخَاهُ وَأَرْسِلْ فِى ٱلْمَدَآئِنِ حَٰشِرِينَ ﴿١١١﴾

**111.** അവർ നിർദേശിച്ചു: അവനെയും സഹോദരനെയും പിടിച്ചുവെക്കുക. പട്ടണങ്ങളിലൊക്കെയും ശിപായിമാരെ അയക്കുക.

يَأْتُوكَ بِكُلِّ سَٰحِرٍ عَلِيمٍ ﴿١١٢﴾

**112.** സമർഥരായ സകല മാന്ത്രികരെയും അവൻ അങ്ങയുടെ സന്നിധിയിൽ കൊണ്ടുവരട്ടെ.

وَجَآءَ ٱلسَّحَرَةُ فِرْعَوْنَ قَالُوٓا۟ إِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ ٱلْغَٰلِبِينَ ﴿١١٣﴾

**113.** അങ്ങനെ മാന്ത്രികന്മാർ ഫറവോന്റെ സന്നിധിയിൽ വന്നെത്തി. അവർ ചോദിച്ചു: ഞങ്ങൾ തന്നെ വിജയിച്ചാൽ തീർച്ചയായും പാരിതോഷികം ലഭിക്കുമല്ലോ?

قَالَ نَعَمْ وَإِنَّكُمْ لَمِنَ ٱلْمُقَرَّبِينَ ﴿١١٤﴾

**114.** ഫറവോൻ പ്രഖ്യാപിച്ചു: അതേ, പാരിതോഷികം ലഭിക്കും. നിങ്ങൾ നമ്മുടെ ഉറ്റവരിൽ ഉൾപ്പെടുകയും ചെയ്യും.

قَالَ ٱلْمَلَأُ = പ്രമാണിമാർ പറഞ്ഞു  مِن قَوْمِ فِرْعَوْنَ = ഫറവോന്റെ ജനത്തിൽനിന്നുള്ള
إِنَّ هَٰذَا = തീർച്ചയായും ഇത് (ഇവൻ)  لَسَٰحِرٌ = ഒരു മാന്ത്രികൻതന്നെ  عَلِيمٌ = നന്നായി അറിയുന്ന (പഠിച്ച)
يُرِيدُ = അവൻ വിചാരിക്കുന്നു(ന്നത്)  أَن يُخْرِجَكُم = നിങ്ങളെ പുറത്താക്കാൻ (ആണ്)  مِّنْ أَرْضِكُمْ = നിങ്ങളുടെ നാട്ടിൽനിന്ന്
فَمَاذَا = അപ്പോൾ (കേൾക്കട്ടെ) എന്ത്  تَأْمُرُونَ = നിങ്ങൾ കൽപിക്കുന്നു(പറയുന്നു)  قَالُوٓا۟ = അവർ പറഞ്ഞു (നിർദേശിച്ചു)
أَرْجِهْ = അവനെ പിന്തിക്കുക, പിടിച്ചുവെക്കുക  وَأَخَاهُ = അവന്റെ സഹോദരനെയും  وَأَرْسِلْ = അയക്കുകയും
فِى ٱلْمَدَآئِنِ = പട്ടണങ്ങളിൽ  حَٰشِرِينَ = ഒരുമിച്ചുകൂട്ടുന്നവരെ (ശിപായിമാരെ)
يَأْتُوكَ = അവർ നിന്റെ(അങ്ങയുടെ)യടുത്ത് കൊണ്ടുവരും(രട്ടെ)  بِكُلِّ سَٰحِرٍ = മാന്ത്രികരെയൊക്കെയും
عَلِيمٍ = നന്നായി അറിയുന്ന (സമർഥരായ)  وَجَآءَ ٱلسَّحَرَةُ = അങ്ങനെ മാന്ത്രികന്മാർ വന്നെത്തി
فِرْعَوْنَ = ഫറവോന്റെ സന്നിധിയിൽ  قَالُوٓا۟ = അവർ പറഞ്ഞു (ചോദിച്ചു)  إِنَّ لَنَا = ഞങ്ങൾക്കുണ്ടോ (ലഭിക്കുമല്ലോ)

ഞങ്ങൾ തന്നെയാണെങ്കിൽ = إِن كُنَّا نَحْنُ  തീർച്ചയായും പ്രതിഫലം (പാരിതോഷികം) = لَأَجْرًا

അവൻ പറഞ്ഞു (ഫറവോൻ പ്രഖ്യാപിച്ചു) = قَالَ  വിജയിക്കുന്നവർ (യിച്ചാൽ) = ٱلْغَٰلِبِينَ

തീർച്ചയായും നിങ്ങൾ = وَإِنَّكُمْ  അതേ (പാരിതോഷികം ലഭിക്കും) = نَعَمْ

സമീപസ്ഥരിൽ പെട്ടവർ ആവുകയും ചെയ്യും (നമ്മുടെ ഉറ്റവരിലുൾപ്പെടുകയും ചെയ്യും) = لَمِنَ ٱلْمُقَرَّبِينَ

**109,110:** ദൈവത്താൽ നിയുക്തനായ പ്രവാചകനെങ്കിൽ അതിന് ദൃഷ്ടാന്തം കാണിച്ചുതരിക എന്ന് ഫറവോൻ മൂസാ(അ)യോടാവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം കൈയിലിരുന്ന വടിയെറിഞ്ഞ് ഇഴയുന്ന സർപ്പമായും സ്വന്തം കൈ പോക്കറ്റിലൊളിപ്പിച്ച് പുറത്തെടുത്ത് വെളുത്ത് തിളങ്ങുന്നതായും കാണിച്ചപ്പോൾ ഫറവോനികളുടെ പ്രതികരണമിതായിരുന്നു. മൂസായുടെ പ്രകടനത്തെ ദൃഷ്ടാന്തമായി അംഗീകരിച്ചാൽ അയാളെ ദൈവദൂതനായും അംഗീകരിക്കേണ്ടിവരും. അതംഗീകരിച്ചാൽ ഇപ്പോൾ നടന്നുവരുന്ന രാജനീതിയിൽ അയാൾ നിർദേശിക്കുന്ന മാറ്റങ്ങൾ വരുത്തേണ്ടതായും വരും. ആ മാറ്റം ഖിബ്ത്തികളുടെ വരേണ്യതയെയും അവരനുഭവിച്ചുവരുന്ന സ്ഥാനമാനങ്ങളെയും ആനുകൂല്യങ്ങളെയും പ്രതികൂലമായി ബാധിക്കും. അടിമകളാക്കിവെച്ച ഇസ്രാഈല്യരെ വിട്ടയക്കേണ്ടിവരും. അതുകൊണ്ട് മൂസായുടെ പ്രകടനങ്ങളെ വെറും മാന്ത്രികവിദ്യകളെന്നാരോപിക്കുകയാണ് കരണീയം. ദൃഷ്ടാന്തങ്ങൾ കാണുന്നതിനുമുമ്പുതന്നെ അതിനെ ഇങ്ങനെ നേരിടാൻ അവർ തീരുമാനിച്ചിരുന്നു. ദിവ്യാത്ഭുതപ്രകടനം കണ്ടപ്പോൾ തങ്ങളുടെ അഭിപ്രായം ഫറവോന്റെ മുമ്പിൽ സമർപ്പിച്ചു: ഈ മൂസാ മിടുക്കനായ ഒരു മാന്ത്രികനാണ്. മാന്ത്രികവിദ്യകൾ കാണിച്ച് ആളുകളെ വിസ്മയിപ്പിക്കുക മാത്രമല്ല അയാളുടെ ലക്ഷ്യം. ഇസ്രാഈല്യരെ സംഘടിപ്പിക്കാനും അവരെ നമുക്കെതിരെ തിരിച്ചുവിട്ട് നമ്മെ നാട്ടിൽ സ്വാധീനമില്ലാത്തവരാക്കാനുമാണയാളുടെ പുറപ്പാട്. أَن يُخْرِجَكُم مِّنْ أَرْضِكُمْ (നിങ്ങളെ നാട്ടിൽനിന്ന് പുറത്താക്കാൻ) എന്നാണ് മൂലവാക്യം. ഇതിൽ 'നിങ്ങൾ' കൊണ്ടുദ്ദേശ്യം സാധാരണ ഗതിയിൽ ആ സഭയിലുള്ളവരാണ്. അതനുസരിച്ച് രാജാവിനെയും വരേണ്യവർഗത്തെയും നാട്ടിൽനിന്ന് പുറത്താക്കുമെന്നാണ് അവർ പറയുന്നത്. ഇവിടെ പറയുന്ന 'നിങ്ങൾ' ഫറവോനാണെന്നും വന്ദിച്ചുകൊണ്ട് ബഹുവചനത്തിൽ സംബോധന ചെയ്തതാണെന്നും ഒരഭിപ്രായമുണ്ട്. അതനുസരിച്ച് മൂസാ(അ) ഫറവോനെ അധികാരഭ്രഷ്ടനാക്കാൻ ശ്രമിക്കുന്നു എന്നാണവർ പറയുന്നത്. 'നിങ്ങൾ' കൊണ്ടുദ്ദേശ്യം ഫറവോന്റെ കിങ്കരന്മാരായി രാജസദസ്സിലുണ്ടായിരുന്ന ഇസ്രാഈല്യരും മൂസാ (അ)യിൽ വിശ്വസിച്ച ഖിബ്ത്തികളുമാണെന്നാണ് മറ്റൊരഭിപ്രായം. അങ്ങനെയാണെങ്കിൽ, നൂറ്റാണ്ടുകളായി നിങ്ങൾ വസിച്ചുവരുന്ന മഹത്തായ ഈ രാജ്യത്തുനിന്ന് പുറത്തുകൊണ്ടുപോയി നിങ്ങളെ രാജ്യമില്ലാത്തവരാക്കാനാണ് മൂസാ ശ്രമിക്കുന്നതെന്ന് അവരെ താക്കീതു ചെയ്യുകയാണീ വാക്യത്തിലൂടെ.

മൂസായും സഹോദരനും മാന്ത്രികരാണോ എന്ന സന്ദേഹമൊന്നും ഫറവോനികൾക്കുണ്ടായിരുന്നില്ല. രണ്ടുപേരെയും നേരത്തേ അവർക്ക് നല്ലവണ്ണം അറിയാവുന്നതാണ്. മൂസാ വളർന്നത് ഫറവോന്റെ കൊട്ടാരത്തിലാണ്. രാജകുമാരന്മാരോടൊപ്പമാണ് അദ്ദേഹം വിദ്യാഭ്യാസം ചെയ്തത്. ശാരീരികവും മാനസികവുമായി നല്ല കരുത്തനും സംസ്കാരസമ്പന്നനും സൽസ്വഭാവിയുമാണദ്ദേഹമെന്നതിൽ അവർക്ക് സംശയമൊന്നുമില്ല. ഫറവോന്റെ ശത്രുക്കളുമായി യുദ്ധം ചെയ്ത സൈനികനുമാണദ്ദേഹം. ഹാറൂന്റെ പൂർവചരിത്രത്തിലുമില്ല, കറുത്ത പാടുകളൊന്നും. അങ്ങനെയുള്ള രണ്ടു പേർ പെട്ടെന്നൊരു നാൾ ചില ജാലവിദ്യകൾ കാട്ടി തങ്ങൾ പ്രവാചകന്മാരാണെന്ന് വാദിച്ച് ജനങ്ങളെ പറ്റിക്കാൻ വരുമെന്ന് ആരും കരുതുകയില്ല. അവരുടെ നടപടി സത്യസന്ധവും ഉത്തമലക്ഷ്യത്തോടെയുള്ളതുമാണെന്ന് ഖിബ്ത്വി പ്രമാണിമാർ ശരിക്കും തിരിച്ചറിയുന്നുണ്ടായിരുന്നു. പക്ഷേ, അധികാരത്തിന്റെ സങ്കുചിത താൽപര്യങ്ങൾക്കെതിരെ ഉയരുന്ന സംസ്കരണത്തിന്റേതും പരിവർത്തനത്തിന്റേതുമായ ഏതു ശബ്ദത്തെയും നാട്ടിനും നാട്ടുകാർക്കുമെതിരെ ആഞ്ഞടുക്കുന്ന അപകടത്തിന്റെ മണിമുഴക്കമായി ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്നത് അധികാരിവർഗം പയറ്റിവരുന്ന ഫലപ്രദമായ തന്ത്രമാണ്. ഇസ്ലാമിക പ്രവർത്തനങ്ങളെ അപകീർത്തിപ്പെടുത്താനും അടിച്ചമർത്താനും അതിനെതിരെ ജനരോഷമിളക്കിവിടാനും ഇന്നും ലോകത്തെങ്ങും ഏറ്റവുമധികം അവലംബിക്കപ്പെടുന്നത് അതിൽ അധികാരക്കൊതിയും രാഷ്ട്രീയമോഹങ്ങളും ആരോപിക്കുക എന്നതാണ്. ഇതേ തന്ത്രം തന്നെയാണ് മൂവായിരം കൊല്ലങ്ങൾക്കുമുമ്പ് ഫറവോനികളും അവലംബിച്ചത്. ഈ പ്രോപഗണ്ട സ്റ്റണ്ടിന് പെട്ടെന്ന് ആളുകളെ വശീകരിക്കാൻ കഴിയുന്ന സാഹചര്യവും അന്നുണ്ടായിരുന്നു. ഈജിപ്തിൽ കുടിയേറിയ യഅ്ഖൂബിന്റെ മക്കൾ പെറ്റുപെരുകിയതും യൂസുഫ് നബിയുടെ കാലത്ത് ഇസ്ലാം സ്വീകരിച്ച ഖിബ്ത്വികളും കൂടി സാമാന്യം വലിയൊരു ജനതയായിട്ടുണ്ടായിരുന്നു ഇസ്രാഈല്യർ. അവരുടെ ജനസംഖ്യാ പെരുപ്പം കണ്ട് ഇക്കൂട്ടർ തങ്ങളിൽനിന്ന് അധികാരം പിടിച്ചെടുക്കുമോ എന്ന് ഖിബ്ത്വികൾ ഭയപ്പെടുകയും ചെയ്തിരുന്നു. ഇസ്രാഈലീ ജനസംഖ്യ നിയന്ത്രിക്കാൻ അവരുടെ ആൺകുട്ടികളെ കൊന്നുകളയാനും അവരെ കൂടുതൽ കർശനമായി അടിച്ചമർത്താനും ഔദ്യോഗികമായി തീരുമാനിക്കപ്പെട്ട കാലമായിരന്നു അത്. ഇതേപ്പറ്റി ബൈബിൾ പറയുന്നു: "അയാൾ (ഫറവോൻ) സ്വജനതയോട് പറഞ്ഞു: ഇസ്രായേൽ ജനം നമുക്ക് അടക്കിനിർത്താൻ കഴിയുന്നതിനേക്കാൾ ബാഹുല്യവും ശക്തിയുമുള്ളവർ ആകുന്നു. നാം അവരോട് കൗശലത്തോടെ ഇടപെടേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അവർ വർധിക്കുകയും യുദ്ധം ഉണ്ടായാൽ ശത്രുക്കളോട് ചേർന്ന് നമുക്കെതിരെ പടവെട്ടുകയും രാജ്യത്തുനിന്ന് രക്ഷപ്പെടുകയും ചെയ്യും' (പുറപ്പാട്: 1: 9-10).

ഈ വിഷയകമായ ശ്രദ്ധേയമായ ഒരു സംഗതി ഇതാണ്: രാഷ്ട്രീയം എന്നാൽ നിലവിലുള്ള അധികാരികളെ സ്ഥാനഭ്രഷ്ടരാക്കാനോ നിലനിർത്താനോ ഉള്ള പ്രവർത്തനം മാത്രമല്ല. കേവല അധികാരത്തിനു വേണ്ടിയുള്ള വടംവലിയുമല്ല. പ്രത്യുത നിശ്ചിത മൂല്യങ്ങളെയും നിയമങ്ങളെയും ആധാരമാക്കി സാമൂഹികജീവിതം സംവിധാനിക്കാനുള്ള ശ്രമമാണത്. ദൈവനിർദിഷ്ടമായ തത്ത്വങ്ങളിലും നിയമങ്ങളിലുമധിഷ്ഠിതമായ സാമൂഹികക്രമം കെട്ടിപ്പടുക്കാനുള്ള ശ്രമമാണ് തൗഹീദിന്റെ, ഇസ്ലാമിന്റെ രാഷ്ട്രീയധർമം. ഈ രാഷ്ട്രീയമാണ് പ്രവാചകന്മാരുടെ പ്രവർത്തനങ്ങളിൽ തെളിയുന്നത്. ഇബ്റാഹീം(അ) നംറൂദിനോടോ മൂസാ(അ) ഫറവോനോടോ സിംഹാസനം വിട്ടൊഴിയാൻ പറഞ്ഞില്ല. ചെങ്കോൽ തങ്ങളെ ഏൽപിക്കണമെന്നാവശ്യപ്പെട്ടതുമില്ല. ഈ രാജാക്കന്മാർക്കൊക്കെയും മീതെ ഒരാത്യന്തിക പരമാധികാരിയുണ്ടെന്ന് അംഗീകരിക്കണമെന്നും അവന്റെ വിധിവിലക്കുകൾ മാനിച്ചു നാടുവാഴണമെന്നുമാണാവശ്യപ്പെട്ടത്. ഈ ആവശ്യമാണ് രാജാക്കന്മാരെ പ്രവാചകന്മാരുടെ ശത്രുക്കളാക്കിയത്. ജനിമൃതികൾക്കുടയവനായ വിധാതാവിനെ കുറിച്ച് സംസാരിച്ച ഇബ്റാഹീമി(അ)നോട് നംറൂദ് പറഞ്ഞു: ഞാൻ തന്നെയാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും

- أَنَاْ أُحْيِۦ وَأُمِيتُ . സർവലോക വിധാതാവിനെ കുറിച്ചു പറഞ്ഞ മൂസാ(അ)യോട് ഫറവോൻ ചോദിച്ചു: وما رب العالمين (എന്ത് സർവലോക വിധാതാവ്?). ഞാൻ തന്നെയാണ് നിങ്ങളുടെ അത്യുന്നത വിധാതാവ് - انا ربكم الاعلى .

ദൈവിക തത്ത്വങ്ങളും നിയമങ്ങളുമനുസരിച്ച് സാമൂഹിക ജീവിതം പുനഃസംഘടിപ്പിക്കുക എന്നുതന്നെയാണ് ഇന്നും ഇസ്‌ലാമിക പ്രബോധകർ ഭരണവർഗങ്ങളോടാവശ്യപ്പെടുന്നത്. പണ്ട് രാജാക്കന്മാർ അതിനെ നേരിട്ടിരുന്നത് ഞങ്ങൾ തന്നെയാണ് പരമാധികാരികൾ എന്നു പറഞ്ഞുകൊണ്ടാണെങ്കിൽ ഇന്നത്തെ അധികാര കേന്ദ്രങ്ങൾ പറയുന്നത് പരമാധികാരം ജനങ്ങൾക്ക്, തൊഴിലാളികൾക്ക്, കർഷകർക്ക്, പട്ടാളക്കാർക്ക് ആകുന്നു എന്നാണ്. സ്വയം പരമാധികാരികളാകാനുള്ള എളുപ്പവിദ്യയായിരിക്കുന്നു അത്. ബഹുജനങ്ങളുടെയോ തൊഴിലാളികളുടെയോ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. സ്വേഛാധികാരം ചോദ്യം ചെയ്യുന്നവരെ രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും ശത്രുക്കളായും അധികാരമോഹികളായും ചിത്രീകരിക്കാം. സാമൂഹികക്രമത്തിന്റെ മൂല്യങ്ങൾ പുനഃസംഘടിപ്പിക്കാനുള്ള ആഹ്വാനത്തെ ആ വികാരം കൈയാളുന്ന കരങ്ങൾ മാറ്റുക എന്ന ആഹ്വാനമാക്കി വെട്ടിച്ചുരുക്കുന്നതിലൂടെ ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ലക്ഷ്യംതന്നെ തമസ്കരിക്കപ്പെടുന്നു. അങ്ങനെയാണ് ഫറവോനികളെ സംസ്കരിക്കുക ഇസ്രാഈല്യരെ സ്വതന്ത്രരാക്കുക എന്ന മൂസാ(അ)യുടെ ലക്ഷ്യം ഖിബ്ത്വി പ്രചാരണത്തിൽ അവരെ അധികാരഭ്രഷ്ടരാക്കി ഈജിപ്തിൽനിന്ന് ആട്ടിയോടിക്കുക എന്നായി മാറിയത്.

നിങ്ങളെന്തുപറയുന്നു എന്ന് തർജമ ചെയ്തിട്ടുള്ളത് مَاذَا تَأْمُرُونَ എന്ന വാക്യത്തെയാണ്. നിങ്ങൾ കൽപിക്കുന്നതെന്താണ് എന്നാണതിന്റെ ഭാഷാർഥം. രാജസദസ്സിലെ ഏതാനും പ്രതിനിധികൾ മൂസായുടെ പ്രകടനത്തെക്കുറിച്ച് അവരുടെ അഭിപ്രായം വെളിപ്പെടുത്തിയശേഷം ഇനി ഈ വിഷയത്തിൽ രാജസഭ എടുക്കേണ്ട തീരുമാനമെന്താണ്, അല്ലെങ്കിൽ ശിപാർശ ചെയ്യുന്ന നടപടി എന്താണ് എന്നാരായുകയാണ്.

**111,112:** സഭ പ്രഖ്യാപിച്ച തീരുമാനമാണിത്. മാന്ത്രികവിദ്യകൾ കൊണ്ട് നമ്മെ പറ്റിക്കാൻ വന്ന മൂസായെയും സഹോദരനെയും അങ്ങനെ വിട്ടയച്ചുകൂടാ. മാന്ത്രികവിദ്യകൊണ്ട് തന്നെ അവരെ തോൽപിക്കണം. ഇല്ലെങ്കിൽ നമ്മളെന്തുപറഞ്ഞാലും, ആ വിദ്യകളിൽ മയങ്ങിയ കുറേയാളുകൾ അവരുടെ പിന്നിൽ കൂടിയേക്കും. അതാപത്താണ്. രണ്ടുപേരെയും തൽക്കാലം പിടിച്ചുനിർത്തുക. എന്നിട്ട് എല്ലാ നഗരങ്ങളിലേക്കും രാജദൂതന്മാരെ വിടുക. അവിടങ്ങളിലൊക്കെയുള്ള അതിസമർഥരായ സകല മാന്ത്രികവിദ്വാന്മാരെയും അവർ രാജധാനിയിലേക്കു വിളിച്ചു കൊണ്ടുവരട്ടെ. എന്നിട്ട് മൂസാ അവരുമായി മത്സരിക്കട്ടെ. അവരയാളെ തോൽപിക്കാതിരിക്കില്ല.

മൂലത്തിലെ أَرْجِهْ - ന്റെ യഥാർഥ രൂപം ارجئه എന്നാണ്. ارجاء എന്ന മൂലപദത്തിൽനിന്നുള്ളതാണിത്. നീട്ടിവെപ്പ്, പിന്തിക്കൽ, സ്റ്റേ ചെയ്യൽ എന്നൊക്കെയാണ് ارجاء - ന്റെ അർഥം. അതിന്റെ ശാസന ക്രിയയായ ارجئ -ൽ ه എന്ന സർവനാമം വന്നപ്പോൾ ഉച്ചാരണ സൗകര്യത്തിനുവേണ്ടി അന്ത്യാക്ഷരമായ أ കളഞ്ഞ രൂപമാണ് ارجه . പലയിടത്തുനിന്ന് പെറുക്കിക്കൂട്ടുക എന്ന അർഥത്തിലുള്ള حشر - ന്റെ കർതൃവചനമാണ് حَـٰشِرِينَ . പല ഭാഗത്തുനിന്ന് പെറുക്കിക്കൂട്ടുന്നവർ എന്നർഥം. പല നഗരങ്ങളിൽ നടന്ന് മാന്ത്രികവിദ്വാന്മാരെ തെരഞ്ഞുപിടിച്ച് ഒരുമിച്ചുകൂട്ടുന്ന രാജദൂതന്മാർ അല്ലെങ്കിൽ ശിപായിമാരാണ് ഇവിടെ വിവക്ഷ. നഗരങ്ങൾ مدائن എന്നതുകൊണ്ടുദ്ദേശ്യം ഈജിപ്തിലെ പ്രധാന നഗരങ്ങളാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

**113,114:** മൂസാ(അ)യും മാന്ത്രികന്മാരും തമ്മിലുള്ള മത്സരം അരങ്ങേറുന്ന സന്ദർഭമാണീ സൂക്തങ്ങൾ പരാമർശിക്കുന്നത്. എത്ര ദൂതന്മാർ ഏതെല്ലാം നഗരങ്ങളിൽ പോയി എത്ര മാന്ത്രികന്മാരെ കൊണ്ടുവന്നു, മത്സരം ഏതുസമയത്ത് നടത്താൻ നിശ്ചയിച്ചു തുടങ്ങിയ വിശദാംശങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു. ആളുകൾ തലസ്ഥാനത്ത് ഒത്തുകൂടുന്ന ഒരുത്സവനാളിൽ പകൽസമയത്തായിരുന്നു മത്സരം നിശ്ചയിച്ചതെന്ന് സൂറഃ *ത്വാഹാ*യിൽ പ്രസ്താവിക്കുന്നുണ്ട്.

മത്സരം തുടങ്ങും മുമ്പ് മാന്ത്രികർ തങ്ങളുടെ സമ്മാന പ്രതീക്ഷ വെളിപ്പെടുത്തിയതും അതിനോടുള്ള ഫറവോന്റെ പ്രതികരണവും ഉദ്ധരിച്ചതിന് വലിയ അർഥമുണ്ട്. നൂറ്റാണ്ടുകളായി ആചരിച്ചുവരുന്നതും തങ്ങൾ മഹത്തരമെന്ന് അഭിമാനം കൊള്ളുന്നതുമായ സ്വന്തം മതത്തിന്റെ വിധി നിർണയിക്കുന്ന ഒരു മത്സരത്തിനാണ് അവർ ഒരുങ്ങുന്നത്. ആ സമയത്തും അവരുടെ കണ്ണ് രാജകീയ സമ്മാനങ്ങളിലാണ്. മതത്തിൽ ആത്മാർഥമായ വിശ്വാസവും അഭിമാനവുമുണ്ടെങ്കിൽ അതിന്റെ വിജയം തന്നെയായിരുന്നു അവർ ഏറ്റവും വലിയ പുരസ്കാരമായി കരുതേണ്ടിയിരുന്നത്. മാതാപിതാക്കളുടെ ജീവൻ രക്ഷിക്കാൻ പുറപ്പെടുന്ന ആരെങ്കിലും ആ സമയത്ത് തങ്ങൾ വിജയിച്ചാൽ വല്ല സമ്മാനവും കിട്ടുമോ എന്നാരായാൻ നിൽക്കുമോ?! യഥാർഥ മതവിശ്വാസികളും കൃത്രിമ മതത്തിന്റെ വിശ്വാസികളും തമ്മിൽ, പ്രവാചകന്മാരും മാന്ത്രികരും തമ്മിൽ ഉള്ള വ്യത്യാസമാണിത്. മിഥ്യകളിൽ വിശ്വസിക്കുന്നവരുടെ മനസ്സുകൾ ആർത്തികൊണ്ട് ജീർണമായിരിക്കും. തന്റെ അധികാരം സംരക്ഷിക്കാൻ സഹായിക്കുന്നവർ മാന്ത്രികരോ മാരണക്കാരോ ആരായാലും അവർക്ക് വമ്പിച്ച സമ്മാനങ്ങൾ നൽകാനും അവരെ സിംഹാസനത്തിന്റെ പാർശ്വവർത്തികളാക്കാനും ഫറവോനുമില്ല യാതൊരുമടിയും എന്നാണ് അയാളുടെ പ്രതികരണം വ്യക്തമാക്കുന്നത്. തങ്ങൾ ഏറ്റെടുത്തിരിക്കുന്നത് വിജയിച്ചാൽ വമ്പിച്ച സമ്മാനമർഹിക്കുന്ന അതിസാഹസികമായ സംരംഭമാണെന്ന ധ്വനിയും മാന്ത്രികരുടെ വാക്കുകളിലുണ്ട്. ആ ധ്വനി ഫറവോൻ ഉൾക്കൊണ്ടതായി അയാളുടെ മറുപടിയും സൂചിപ്പിക്കുന്നു. ■